(ബി) ഇതിന്റെ ഭാഗമായി കേരളത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ഓഫീസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തുക, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും, അധികമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തുക, ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഫോട്ടോ കോപ്പിയർ, എയർ കണ്ടീഷനർ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ഓരോ ഓഫീസിൽനിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ വിവരിക്കുന്ന സിറ്റിസൺ ചാർട്ടർ രൂപീകരണവും നടപടി ക്രമങ്ങളുടെയും ചട്ടങ്ങളുടെയും ലഘൂകരണവും നടത്തി സുതാര്യ സേവനവും ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു.

പുര പദ്ധതി

185 [1124] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ പുര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്;

(സി) ഈ പദ്ധതിയുടെ പ്രൊപ്പോസൽ കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ അടങ്കൽ തുക എത്ര കോടി രൂപയുടേതാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. പുനലൂർ ടൗണിന്റെ 4 മുതൽ 12.5 കിലോമീറ്റർ ചുറ്റളവിൽ വരുന്ന താഴെപ്പറയുന്ന വില്ലേജുകളിലാണ് പുര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്:

1. അഞ്ചൽ
2. അറയ്ക്കൽ
3. ഇടമുളയ്ക്കൽ
4. എരൂർ
5. അരയന്നല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly